(ബി) 1991-92 ലാണ് ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത്. പദ്ധതി നടപ്പാക്കിയ പട്ടികജാതി കോളനികളുടെയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെയും ലിസ്റ്റ് അനുബന്ധം 1 ലും 2-ലും കാണാവുന്നതാണ്.+

1997-98 മുതൽ പുതിയ സങ്കേതങ്ങൾ തെരഞ്ഞെടുത്തിട്ടില്ല. നേരത്തെ നിശ്ചയിച്ച സങ്കേതങ്ങളിലെ കർമ്മപരിപാടിയിലുള്ള ജോലികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണിത്.

24 (*54) ആദിവാസി ഊരുകളിലെ പട്ടിണി മരണം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഊരുകളിൽ പട്ടിണി മരണം വ്യാപകമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' തുടങ്ങിയ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ പട്ടിണി മരണമായി കണ്ടെത്തിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

25 (*55) കുടിവെള്ളക്ഷാമം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ശുദ്ധജലത്തിന്റെ ദുരുപയോഗം കണ്ടെത്താനായി ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കേടായ വാട്ടർ മീറ്ററുകൾമൂലം ഗവണ്മെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകളിൽ നിന്ന് കഴിയുന്നത്ര പൈപ്പുകൾ നീട്ടി സ്ഥാപിച്ചും കേന്ദ്ര ഗവണ്മെന്റിന്റെയും ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയും പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കിയും നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേടായ കുഴൽ കിണറുകൾക്ക് പകരം കുഴൽ കിണറുകൾ കുഴിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യത്തോടുകൂടി ഒരു പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതലകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിലവിലുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തുവരുന്നു. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വൈപ്പിൻ പ്രദേശത്തു ബാർജ്ജ് വഴിയും ടാങ്കർ ലോറികൾ വഴിയും ശുദ്ധജലം എത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഇവ കൂടാതെ ഭൂജലവകുപ്പും ത്രിതല പഞ്ചായത്തുകളും ചെറിയ വാട്ടർസപ്ലൈ സ്കീമുകൾ വഴി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

(സി) ശുദ്ധജലത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾതന്നെ നിയന്ത്രിക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്. മാധ്യമങ്ങളിൽ കൂടി പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ശുദ്ധജലം ദുരുപയോഗം ചെയ്യുന്നവരുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനും, പിഴ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല ദുരുപയോഗം പരിശോധിക്കുന്നതിനും മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഗാർഹികേതര ഉപയോഗത്തിനോ, മരാമത്തു പണികൾക്കോ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പിഴ ചുമത്തുകയും ഗാർഹികേതര നിരക്കിൽ വെള്ളക്കരം ഈടാക്കുകയും ചെയ്യാറുണ്ട്. പൊതു ടാപ്പുകളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ടാപ്പിന്റെ കണക്ഷൻ വിച്ഛേദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഉണ്ട്.

(ഇ) മീറ്റർ കേടായാൽ ആ വിവരം ഉപഭോക്താവിനെ അറിയിക്കുന്ന മുറയ്ക്ക് ഉപഭോക്താവ് സ്വന്തം ചെലവിൽ (ഇതിലേക്ക് അറിയിപ്പു കിട്ടി ഒരു മാസത്തിനകം) മാറ്റിവെക്കണം എന്നാണ് നിലവിലുള്ള വ്യവസ്ഥ. ഈ വ്യവസ്ഥ നടപ്പിൽ വരുത്തിയത് 1999 ജൂൺ മുതലാണ്. എന്നാൽ അതോറിറ്റിയുടെ ഈ നയത്തിനെതിരെ ഉപഭോക്താക്കൾ പ്രത്യേകിച്ചും തിരുവനന്തപുരത്തെ റസിഡന്റ്സ് അസോസിയേഷനുകൾ ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയതിനെ തുടർന്നു ഉപഭോക്താക്കൾക്ക് ഇതിലേയ്ക്ക് കൂടുതൽ സാവകാശം നൽകുന്നതിന് പ്രസ്തുത ഓർഡർ നടപ്പാക്കുന്നത് 27.1.2000 വരെ നിർത്തിവച്ചിരിക്കുകയാണ്. 27.1.2000 ത്തിനുശേഷം കേടായ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കളുടെ ചെലവിൽ മാറ്റിവയ്ക്കുന്ന നടപടികളുമായി അതോറിറ്റി മുന്നോട്ടുപോകുന്നതാണ്.

884/2010.

LIBRARY ARCHIVES Kerala Legislative Assembly